**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 112** **25.04.2017-ൽ മറുപടിക്ക്**

| **ക്ലീൻ ക്യാമ്പസ് - സേഫ് ക്യാമ്പസ് പദ്ധതി** | | | |
|---|---|---|---|
| ചോദ്യം<br><br>ശ്രീ. എൻ. ഷംസുദ്ദീൻ | | മറുപടി<br><br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | സംസ്ഥാനത്തെ കോളേജ് - സ്കൂൾ ക്യാമ്പസുകളെ ലഹരിവിമുക്തമാക്കുവാൻ നടപ്പിലാക്കിയ ക്ലീൻ ക്യാമ്പസ് - സേഫ് ക്യാമ്പസ് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | സ്കൂൾ-കോളേജ് ക്യാമ്പസുകളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിയ്ക്കുകയും, വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ അവബോധം വളർത്തുന്നതിന് സെമിനാറുകളും, കൗൺസിലിംഗുകളും നടത്തുകയും ലഹരിയുടെ ദൂഷ്യവശങ്ങൾക്ക് വിധേയരായ വ്യക്തികളുടെ ദുരനുഭവങ്ങൾ വിദ്യാർത്ഥികളുമായി പങ്കുവയ്ക്കുക, വിദ്യാർത്ഥികളിലും, രക്ഷിതാക്കളിലും ലഹരി വിരുദ്ധ ചിന്താഗതി വളർത്തിയെടുക്കുക, പ്രചാരണ പരിപാടികൾ സംഘടിപ്പിയ്ക്കുക, ലഹരി ഉപഭോഗം വഴി കുട്ടികളിൽ ഉണ്ടാകുന്ന മാനസികവും ശാരീരികവുമായ പ്രശ്നങ്ങളും അതിലൂടെ ഉണ്ടായേക്കാവുന്ന ക്രിമിനൽ വാസന എന്നിവ ഇല്ലായ്മ ചെയ്ത് മികച്ച അക്കാഡമിക് നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി നടപ്പാക്കിയതുമൂലം പ്രസ്തുത മേഖലകളിൽ ഉണ്ടായ പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | വിലയിരുത്തിയിട്ടുണ്ട്. സ്കൂൾ - കോളേജ് ക്യാമ്പസുകളിൽ ലഹരി ഉപയോഗം കണ്ടെത്തുന്നതിനും ക്യാമ്പസുകളെ ലഹരി വിമുക്തമാക്കുന്നതിനും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതിമൂലം സാധിച്ചിട്ടുണ്ട്. കൂടാതെ ഇവയുടെ വിൽപ്പന തടയുന്നതിനും വിൽപ്പനക്കാരെ പിടികൂടുന്നതിനും കുറ്റക്കാരെ കർശന നിയമ നടപടികൾക്ക് വിധേയരാക്കുന്നതിനും ഇതിനായി കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ സഹായം ആർജ്ജിക്കാനും കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ